പുതുക്കിയ സപ്ലൈകോഡ്

25 (*625) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. ദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളും വൈദ്യുതി ബോർഡും തമ്മിലുള്ള ഇടപാടുകളിലെ നടപടിക്രമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള പുതുക്കിയ സപ്ലൈകോഡ് എന്നുമുതലാണ് നിലവിൽ വന്നത് ; പുതുക്കിയ സപ്ലൈകോഡ് നടപ്പാക്കുന്നതിൽ എന്തെങ്കിലും അവ്യക്തതകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) സപ്ലൈകോഡിലെ വ്യവസ്ഥകളും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റെഗുലേഷനുകളും തമ്മിൽ എന്തെങ്കിലും തരത്തിലുള്ള വൈരുദ്ധ്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014, 2014 ഏപ്രിൽ 1-ാം തീയതിമുതൽ നിലവിൽവന്നു. ഇത് നടപ്പാക്കുന്നതിൽ എന്തെങ്കിലും അവ്യക്തതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വൈരുദ്ധ്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രസരണ-വിതരണ നഷ്ടങ്ങൾ

26 (*626) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എ. എം ആരിഫ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വൈദ്യുതി ശൃംഖലകളിൽ ഉണ്ടാകുന്ന പ്രസരണ നഷ്ടവും വിതരണനഷ്ടവും എത്രവീതമാണെന്ന് അറിയിക്കുമോ ;

(ബി) ഇത് എത്ര വീതമായി കുറയ്ക്കണമെന്നാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് നഷ്ടം കുറയ്ക്കാൻ കഴിയാത്തതിന് പ്രത്യേക കാരണങ്ങൾ എന്തെങ്കിലുമുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly